**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

02.07.2014 -ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 538

<u>ഔഷധങ്ങൾ മയക്കുമരുന്നായി ദുരുപയോഗം ചെയ്യുന്നതായി റിപ്പോർട്ട്</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. കെ. എം. ഷാജി<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. എം. ഉമ്മർ | ശ്രീ. വി.എസ്. ശിവകമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| (എ) രോഗ ചികിത്സയ്ക്ക് സൂക്ഷ്മതയോടെ ഉപയോഗിക്കേണ്ട – മരുന്നുകൾ, മയക്കുമരുന്നായി ഉപയോഗിക്കാൻ ദുരുപയോഗം ചെയ്യപ്പെടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മെഡിക്കൽ ഷോപ്പുകളും ആശുപത്രികളും ഡ്രഗ്സ് ഇൻസ്പെക്ടർമാർ കാലാകാലങ്ങളിൽ പരിശോധിക്കുകയും പ്രസ്തുത സ്ഥലങ്ങളിൽ ഇത്തരം മരുന്നുകൾ ദുരുപയോഗം ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കാറുമുണ്ട്. ഡോക്ടർമാരുടെ കുറിപ്പടി പ്രകാരം മാത്രമേ ഈ മരുന്നുകളുടെ വിൽപ്പന നടത്താൻ പാടുള്ളൂ എന്ന കർശന നിർദ്ദേശം മരുന്ന് വിതരണക്കാർക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ വിൽപ്പന ഡ്രഗ്സ് കൺട്രോൾ വകുപ്പ് കർശനമായി നിരീക്ഷിക്കുന്നുണ്ട്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന മരുന്ന് കടകളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുകയും ഗുരുതര വീഴ്ചകൾ വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാറുമുണ്ട്. |
| (ബി) എങ്കിൽ ഇതുതടയാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | |
| (സി) കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) മയക്കുമരുന്നായി ദുരുപയോഗം ചെയ്യാവുന്ന മരുന്നുകൾ, ആന്റിബയോട്ടിക്കുകൾ മുതലായവയുടെ ദുരുപയോഗം തടയുവാൻ കേന്ദ്രഗവൺമെന്റ് ഇവയെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് റൂൾസ് 1945 ലെ ഷെഡ്യൂൾ എച്ച് 1 – ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡോക്ടർമാരുടെ കുറിപ്പടി പ്രകാരം മാത്രമേ ഈ മരുന്നുകളുടെ വിൽപ്പന നടത്താൻ പാടുള്ളൂ. പ്രസ്തുത മരുന്നുകൾ വിൽക്കുന്ന മെഡിക്കൽ ഷോപ്പുകൾ, ആശുപത്രികൾഎന്നിവ മരുന്നിന്റെ പേര്, അളവ് (എണ്ണം), ഡോക്ടറുടെ പേരും മേൽവിലാസവും, രോഗിയുടെ പേര് എന്നിവ ഒരു പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ